(സി) ഖരമാലിന്യം, പ്രായാധിക്യം വന്ന തെങ്ങ്, പന, കമുക് എന്നിവ ഉപയോഗിച്ചുള്ള നിർമ്മാണ രീതി നിർമ്മിതികേന്ദ്രം പരിശോധിച്ചിട്ടില്ല എന്നാൽ വ്യാവസായിക മാലിന്യമായ ഫ്ലൈ ആഷ് ഉപയോഗിച്ചുള്ള കെട്ടിട നിർമ്മാണ സാമഗ്രികളുടെ ഉല്പാദനത്തെ സംബന്ധിച്ച് പഠനങ്ങൾ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം നടത്തിയിട്ടുണ്ട്. അതുപോലെതന്നെ മറ്റൊരു ഇൻഡസ്ട്രിയൽ വേസ്റ്റ് ആയ ജറോഫിക്സ് ഉപയോഗിച്ചുകൊണ്ടുള്ള സിമന്റ് കട്ടകളുടെ നിർമ്മാണത്തിന്റെ സാധ്യതയെപ്പറ്റിയുള്ള പഠനം നടന്നുവരുന്നു.

റിസർവ് ബാങ്കിന്റെ നയവും സഹകരണ മേഖലയും

16 (*46) ശ്രീ. എസ്. ശർമ്മ :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാങ്കിംഗ് സ്ഥാപനങ്ങൾ ബാങ്കിംഗ് ഇതര പ്രവർത്തനങ്ങൾ നടത്താൻ പാടില്ല എന്ന റിസർവ് ബാങ്കിന്റെ നയം ഏതെല്ലാം തരത്തിൽ സംസ്ഥാനത്തെ സഹകരണ മേഖലയെ എപ്രകാരം ബാധിച്ചിട്ടുണ്ടെന്ന് അവലോകനം നടത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) സംസ്ഥാന സഹകരണ ബാങ്കിന്റെ നേതൃത്വത്തിൽ മൺവിളയിൽ നടത്തിയിരുന്ന സീമാറ്റ് കോളേജ് നിർത്തൽ ചെയ്ത് റിസർവ് ബാങ്കിന്റെ നയം കാരണമാണോയെന്ന കാര്യം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത നയം തുടർന്ന് നടപ്പിലാക്കുമ്പോൾ പല സ്ഥാപനങ്ങളും അടച്ചു പൂട്ടേണ്ടതായും പദ്ധതികൾ നിർത്തലാക്കേണ്ടതായും വരുമെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ ?

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ) :

(എ) പാർലമെന്റ് പാസ്സാക്കിയ ബാങ്കിംഗ് റെഗുലേഷൻ ആക്ട് സെക്ഷൻ 8 പ്രകാരം ബാങ്കിംഗ് ബിസിനസ്സ് നടത്തുന്ന സ്ഥാപനങ്ങൾ ബാങ്കിംഗ് ഇതര ബിസിനസ്സ് നടത്താൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പൊതുജനങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly

നിന്നും ബാങ്കുകൾ സ്വീകരിക്കുന്ന നിക്ഷേപങ്ങളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായാണ് ഇപ്രകാരമുള്ള വ്യവസ്ഥ ബാങ്കിംഗ് നിയന്ത്രണ നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ബാങ്കിംഗ് ബിസിനസ്സ് നടത്തുന്ന ബാങ്കുകൾ പൊതുജനങ്ങളിൽനിന്നും സ്വീകരിക്കുന്ന നിക്ഷേപം വായ്പ നൽകാനല്ലാതെ പ്രത്യേക വ്യാപാര പരിജ്ഞാനം ഇല്ലാതെ മറ്റ് വ്യാപാര പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നതിലൂടെ നഷ്ടം സംഭവിച്ചാൽ അത് പൊതുജനങ്ങളുടെ നിക്ഷേപം തിരിച്ചു നൽകാനുള്ള ശേഷിയെ ബാധിക്കുമെന്നതാണ് ഇപ്രകാരമുള്ള ഒരു അവസ്ഥ ബാങ്കിംഗ് നിയന്ത്രണ നിയമത്തിൽ ഉൾപ്പെടുത്താൻ കാരണമായിട്ടുള്ളത്. നിലവിൽ സംസ്ഥാനത്തിലെ ബാങ്കിംഗ് സ്ഥാപനങ്ങൾ ബാങ്കിംഗ് ഇതര പ്രവർത്തനങ്ങൾ നടത്തുന്നില്ല. ആയതിനാൽ തന്നെ ഇത് സഹകരണ മേഖലയെ ബാധിച്ചിട്ടില്ല.

(ബി) ബാങ്കിംഗ് സ്ഥാപനങ്ങൾ ബാങ്കിംഗ് ഇതര പ്രവർത്തനങ്ങൾ നടത്താൻ പാടില്ലെന്ന ബാങ്കിംഗ് റെഗുലേഷൻ ആക്ടിലെ വ്യവസ്ഥകൾ ക്കനുസൃതമായ നയം കാരണമാണ് സീമാറ്റിന്റെ പ്രവർത്തനം നിർത്തൽ ചെയ്തത്.

(സി) നിലവിൽ ബാങ്കിംഗ് നിയന്ത്രണ നിയമത്തിന്റെ പരിധിയിൽ വരുന്ന കേരളത്തിലെ സഹകരണ ബാങ്കുകൾ ബാങ്കിംഗ് ഇതര വ്യാപാര പ്രവർത്തനങ്ങൾ ഒന്നുംതന്നെ നടത്തുന്നില്ല എന്നതിനാൽ നിലവിലുള്ള സഹകരണ സ്ഥാപനങ്ങൾ പൂട്ടേണ്ടതായും പദ്ധതികൾ നിർത്തലാക്കേണ്ടതായും വരുന്ന സാഹചര്യമില്ല.

ആദിവാസി വിഭാഗങ്ങളുടെ ക്ഷേമം

17 (*47) ശ്രീ. എം. ഉമ്മർ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. കെ. എം. ഷാജി :
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കായികംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗോത്രമേഖലകളിലെ ആദിവാസി വിഭാഗങ്ങളിലെ അംഗങ്ങളുടെ ക്ഷേമം, ആരോഗ്യ സംരക്ഷണം എന്നീ പ്രവർത്തനങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(ബി) വിവിധ വകുപ്പുകൾ ആദിവാസികൾക്കുവേണ്ടി നടപ്പാക്കുന്ന വ്യത്യസ്ത പദ്ധതികളുടെ നിരീക്ഷണത്തിനും ഏകോപനത്തിനും എന്തു സംവിധാനമാണ്

LIBRARY ARCHIVES Kerala Legislative Assembly